ഉത്തരം

(എ) 31.5.2005-ലെ കണക്കനുസരിച്ച് കൊടുങ്ങല്ലൂർ എംപ്ലോയ്മെൻറ് എക്സ്ചേഞ്ചിൽ 29093 പേർ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) വിവരം ചുവടെ ചേർത്തിരിക്കുന്നു:

എസ്. എസ്. എൽ. സി.ക്ക് താഴെ യോഗ്യതയുള്ളവർ	..	4892
എസ്. എസ്. എൽ. സി. യോഗ്യതയുള്ളവർ	..	17061
പി. ഡി. സി./ഹയർ സെക്കണ്ടറി യോഗ്യതയുള്ളവർ	..	4420
ബിരുദധാരികൾ	..	2617
ബിരുദാനന്തര ബിരുദധാരികൾ	..	103
(സി) എഞ്ചിനീയറിംഗ്	..	27
മെഡിസിൻ	..	1

(ഡി) യു. ഡി. എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൊടുങ്ങല്ലൂർ എംപ്ലോയ്മെൻറ് എക്സ്ചേഞ്ചുമുഖേന 317 പേർക്ക് നിയമനം നൽകിയിട്ടുണ്ട്. ഇവരിൽ 46 പേർക്ക് സ്ഥിര നിയമനവും 250 പേർക്ക് താൽക്കാലിക നിയമനവും 21 പേർക്ക് പാർട്ട് ടൈം നിയമനവുമാണ് നൽകിയിട്ടുള്ളത്.

കാസർഗോഡ് ജില്ലയിൽ തൊഴിലില്ലായ്മ വേതനം കൈപ്പറ്റുന്നവർ

61 [2930] ശ്രീ. എം. കുഞ്ഞാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ തൊഴിലില്ലായ്മ വേതനം കൈപ്പറ്റുന്നവരുടെ എണ്ണമെത്രയാണെന്ന് വെളിപ്പെടുത്താമോ;

(ബി) തൊഴിലില്ലായ്മ വേതനം നൽകുന്നതിനുള്ള പ്രായപരിധി എത്രയാണെന്ന് വ്യക്തമാക്കാമോ;

(സി) പട്ടികജാതി/വർഗ്ഗ, പിന്നോക്ക വിഭാഗക്കാർക്ക് പ്രായപരിധിയിൽ ഇളവ് നൽകുന്നുണ്ടോ;

(ഡി) നിശ്ചിത പ്രായപരിധി കഴിഞ്ഞിട്ടും തൊഴിൽ ലഭിക്കാത്ത വിദ്യാഭ്യാസ യോഗ്യതയുള്ള പട്ടികജാതി/വർഗ്ഗ വിഭാഗക്കാർക്ക് എംപ്ലോയ്മെൻറ് എക്സ്ചേഞ്ച് മുഖാന്തിരം തൊഴിൽ കിട്ടുന്നതുവരെ തൊഴിലില്ലായ്മാവേതനം നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 7454 പേർ.

(ബി) കുറഞ്ഞ പ്രായപരിധി 21 വയസ്സും കൂടിയ പ്രായപരിധി 35 വയസ്സും ആണ്.

(സി) ഇല്ല.

(ഡി) ഇപ്പോൾ പരിഗണനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly